കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone: Office: 0487-2332134, 2332548
Mob: 7736922245, 9447092134 (Whatsapp)
Secretary: 0487-2327427
e-mail: ksnakademi@gmail.com
Website: www.keralasangeethanatakaakademi.in

പി6/2361/2024

07-02-2025

## ക്വട്ടേഷൻ നോട്ടീസ്

കേരള സംഗീത നാടക അക്കാദമി 2025 ഫെബ്രുവരി 23 മുതൽ മാർച്ച് 2 വരെ സംഘടിപ്പിക്കുന്ന പതിനഞ്ചാമത് അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ആവശ്യത്തിലേക്ക് വാഹനങ്ങൾ ഓടിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ഇന്നോവ എ.സി, ഡിസയർ എ.സി, ട്രാവലർ-24 സീറ്റ് എ.സി എന്നീ വാഹനങ്ങൾ ഓടിക്കുന്നതിന് നൂറ് കിലോമീറ്റർ വരെയുളള ചാർജ്ജും, അധിഷണൽ വരുന്ന ഓരോ കിലോ മീറ്ററിനുമുളള ചാർജ്ജും, 24 മണിക്കൂർ, 12 മണിക്കൂർ സമയത്തിനുളളത് പ്രത്യേകവും കാണിക്കേണ്ടതാണ്.

സീൽ ചെയ്ത ക്വട്ടേഷനുകൾ 17-02-2025 ന് വൈകീട്ട് 4.00 ന് മുമ്പായി അക്കാദമി ഓഫീസിൽ ലഭിച്ചിരിക്കണം. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് ഏറ്റവും മുകളിലായി 'ക്വട്ടേഷൻ-അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ആവശ്യത്തിലേക്ക് വാഹനങ്ങൾ ഓടിക്കുന്നതിന് ' എന്ന് പ്രത്യേകം രേഖപ്പെടുത്തണം. 12,000/- രൂപയുടെ നിരതദ്രവ്യം (ഇ.എം.ഡി) ഡിഡി ആയി എടുത്ത് കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ പേരിലോ, അക്കാദമിയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ പാറമേക്കാവ് ടെമ്പിൾ ബ്രാഞ്ചിലെ 67051237319 (IFSC : SBIN0070166) അക്കൗണ്ടിലേക്ക് പണമായോ സമർപ്പിക്കേണ്ടതാണ് അന്നേ ദിവസം 4.30ന് ക്വട്ടേഷൻ തുറന്ന് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0487 - 2332134 എന്ന നമ്പറിൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ക്വട്ടേഷൻ ഏത് ഘട്ടത്തിലും മാറ്റിവെക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം അക്കാദമി സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

കരിവെള്ളൂർ മുരളി
സെക്രട്ടറി

പകർപ്പ് : 1. അക്കാദമി വെബ്സൈറ്റ്, 2. താലൂക്ക് ഓഫീസ്, തൃശ്ശൂർ
3. വില്ലേജ് ഓഫീസ്, തൃശ്ശൂർ, 4. കേരള സാഹിത്യ അക്കാദമി
5. കേരള ലളിതകലാ അക്കാദമി, 6. അക്കാദമി ഓഫീസ്
7. അക്കാദമി തിയറ്റർ, 8. അക്കാദമി കാന്റീൻ

എസ്.വി